# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **126**

**25.04.2017** ൽ മറുപടിക്ക്

## ശ്രീ. റ്റി.പി.സെൻകുമാറിനെ നീക്കം ചെയ്തു കൊണ്ടുള്ള ഉത്തരവ്

| **ചോദ്യം:**<br>**ശ്രീ. സണ്ണി ജോസഫ്** | **ഉത്തരം :**<br>**ശ്രീ.പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| **(എ)** ശ്രീ. റ്റി.പി. സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്നും നീക്കം ചെയ്തുകൊണ്ടുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചതെന്ന് വ്യക്തമാക്കുമോ; | **(എ)** 01.06.2016-ൽ |
| **(ബി)** അദ്ദേഹത്തെ മാറ്റിയത് മന്ത്രിസഭയുടെ അംഗീകാരത്തോടെയായിരുന്നോ; എങ്കിൽ ഏതു ദിവസം ചേർന്ന മന്ത്രിസഭായോഗത്തിലാണ് ഈ തീരുമാനം കൈക്കൊണ്ടതെന്ന് വിശദമാക്കുമോ; | **(ബി)** അതെ. 01.06.2016-ൽ ചേർന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ. |
| **(സി)** ഇത് സംബന്ധിച്ച മന്ത്രിസഭാ യോഗത്തിന്മേലുള്ള നോട്ടിന്റെയും, മന്ത്രിസഭാ തീരുമാനത്തിന്റെയും പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ എന്ന് വ്യക്തമാക്കുമോ? | **(സി)** മന്ത്രിസഭാ യോഗത്തിന്റെ നടപടിക്കുറിപ്പുകൾ അനുബന്ധമായി വച്ചിട്ടുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**

45

പ്രാബന്ധം

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 01-06-2016.

ഇനം നം: 18

O.A.

വിഷയം : നിയമനങ്ങൾ

തീരുമാനം :

1. ശ്രീ. വി. ജെ. കുര്യൻ ഐ.എ.എസ്. (കെ.എൽ:1983)-നെ ഗതാഗത (ഏവിയേഷൻ & എയർപോർട്ട്സ്) വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹം കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതല തുടർന്നും വഹിക്കുന്നതായിരിക്കും.
2. ശ്രീ. പോൾ ആന്റണി ഐ.എ.എസ്. (കെ.എൽ:1983)-നെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സി.എം.ഡി.-ആയി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധിക ചുമതല കൂടിയുണ്ടായിരിക്കും.
3. ശ്രീ. വി. എസ്. സെന്തിൽ ഐ.എ.എസ്. (കെ.എൽ:1984)-നെ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് പ്ലാനിംഗ് ബോർഡ് സെക്രട്ടറിയുടെയും പരിസ്ഥിതി വകുപ്പിന്റെയും അധിക ചുമതലകൾ കൂടിയുണ്ടായിരിക്കും.
4. ശ്രീ. മാര പാണ്ഡ്യൻ ഐ.എ.എസ്. (കെ.എൽ:1984)-നെ വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് നികുതി വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കും.
5. ശ്രീ. സുബ്രതോ ബിശ്വാസ് ഐ.എ.എസ്. (കെ.എൽ:1985)-നെ പൊതുമരാമത്ത് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു.

(..2)

6. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായ ശ്രീ. വിശ്വാസ് മേത്ത ഐ.എ.എസ്. (കെ.എൽ:1986)-ന് ഭവനനിർമ്മാണ വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കുന്നതാണ്.
7. ശ്രീ. ജയിംസ് വർഗ്ഗീസ് ഐ.എ.എസ്. (കെ.എൽ:1986)-നെ മത്സ്യബന്ധന-തുറമുഖ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് വ്യവസായ (കശുവണ്ടി, കയർ) വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കും.
8. ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്. (കെ.എൽ:1988)-നെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു.
9. ഡോ. ആശ തോമസ് ഐ.എ.എസ്. (കെ.എൽ:1988)-നെ സപ്ലൈകോ സി.എം.ഡി.-ആയി നിയമിക്കുവാൻ തീരുമാനിച്ചു.
10. ഡോ. വി. വേണു ഐ.എ.എസ്. (കെ.എൽ:1990)-നെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് പിന്നാക്ക വിഭാഗ ക്ഷേമം, വിനോദസഞ്ചാരം, സാംസ്കാരികകാര്യ (മ്യൂസിയം, ആർക്കിയോളജി, ആർക്കൈവ്സ്) എന്നീ വകുപ്പുകളുടെ അധിക ചുമതലകൾ കൂടിയുണ്ടായിരിക്കും.
11. ശ്രീ. കമലവർദ്ധന റാവു ഐ.എ.എസ്. (കെ.എൽ:1990)-നെ ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു.
12. ശ്രീ. രാജു നാരായണ സ്വാമി ഐ.എ.എസ്. (കെ.എൽ:1991)-നെ കൃഷി വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു.
13. ഡോ. ഉഷ ടൈറ്റസ് ഐ.എ.എസ്. (കെ.എൽ:1993)-നെ പൊതുഭരണ വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഡോ. ഉഷ ടൈറ്റസ് വിവര പൊതുജന സമ്പർക്ക വകുപ്പിന്റെയും നോർക്ക വകുപ്പിന്റെയും അധിക ചുമതലകൾ കൂടി വഹിക്കുന്നതായിരിക്കും.
14. ശ്രീ. ജ്യോതിലാൽ ഐ.എ.എസ്. (കെ.എൽ:1993)-നെ ഗതാഗത വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് റവന്യൂ(ദേവസ്വം) വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കും.

(..3)

15. ശ്രീ. പുനീത് കുമാർ ഐ.എ.എസ്. (കെ.എൽ:1993)-നെ ന്യൂഡൽഹി കേരള ഹൗസ് അഡീഷണൽ റസിഡന്റ് കമ്മീഷണറായി നിയമിക്കുവാൻ തീരുമാനിച്ചു.
16. ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. (കെ.എൽ:1996)-നെ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് കായിക യുവജനകാര്യ വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കും.
17. ശ്രീമതി സുമനാ മേനോൻ ഐ.എ.എസ്. (കെ.എൽ:1996)-നെ സൈനിക ക്ഷേമ വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ശ്രീമതി സുമനാ മേനോൻ പ്രിന്റിംഗ് & സ്റ്റേഷനറി വകുപ്പിന്റെ അധിക ചുമതല കൂടി വഹിക്കുന്നതായിരിക്കും.
18. ജലവിഭവ വകുപ്പ് സെക്രട്ടറിയായ ശ്രീമതി. ടിങ്കു ബിസ്വാൾ ഐ.എ.എസ്. (കെ.എൽ:1997)-ന് തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പിന്റെ അധിക ചുമതല കൂടിയുണ്ടായിരിക്കും.
19. ഡോ. ബി. അശോക് ഐ.എ.എസ്. (കെ.എൽ:1998)-നെ മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു. ഇദ്ദേഹത്തിന് കൃഷി (ഡയറി), സാംസ്കാരികകാര്യ (മൃഗശാല) എന്നീ വകുപ്പുകളുടെ അധിക ചുമതലകൾ കൂടിയുണ്ടായിരിക്കും.
20. സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയായ ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്. (കെ.എൽ:2000)-ന് ന്യൂനപക്ഷ ക്ഷേമ, റവന്യൂ (വഖഫ്) വകുപ്പുകളുടെ അധിക ചുമതലകൾ കൂടിയുണ്ടായിരിക്കും.
21. ശ്രീ. വി. കെ. ബേബി ഐ.എ.എസ്. (കെ.എൽ:2002)-നെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി നിയമിക്കുവാൻ തീരുമാനിച്ചു.
22. ശ്രീ. ഷെയ്ക്ക് പരീത് ഐ.എ.എസ്. (കെ.എൽ:2002)-നെ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.
23. ശ്രീ. റ്റി.പി. സെൻകുമാർ ഐ.പി.എസ്. (കെ.എൽ:1983)-നെ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സി.എം.ഡി.-ആയി നിയമിക്കുവാൻ തീരുമാനിച്ചു.
24. ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. (കെ.എൽ:1985)-നെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.

25. ശ്രീ. ലോക്നാഥ് ബഹ്റ ഐ.പി.എസ്. (കെ.എൽ:1985)-നെ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫായി നിയമിക്കുവാൻ തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ സെക്രട്ടറി, പൊതുഭരണ (സ്പെഷ്യൽ) വകുപ്പ്.

Manoj M
സെക്ഷൻ ഓഫീസർ